KERALA BANK
Kerala State Co-operative Bank

# മഴവില്ല്

കേരള ബാങ്ക് ബുള്ളറ്റിൻ

Monthly Newsletter of Kerala State Co-operative Bank    Vol.2    Issue.10    October 2022

# കേരള ബാങ്കിൽ നിക്ഷേപങ്ങളുടെ പലിശ വർദ്ധിപ്പിച്ചു

കേരള ബാങ്ക് വ്യക്തികൾക്കും പ്രാഥമിക സഹകരണ സംഘങ്ങൾക്കും സർവീസ് സഹകരണ ബാങ്കുകൾക്കും പലവക വിവിധ ഉദ്ദേശ സഹകരണ ബാങ്കുകൾക്കും നിക്ഷേപങ്ങൾക്കുമേൽ നൽകുന്ന പലിശനിരക്ക് വർദ്ധിപ്പിച്ചു. ഇതര ബാങ്കുകളിലെയും, ദേശസാൽകൃത ബാങ്കുകളിലെയും നിക്ഷേപ പലിശ നിരക്കിനെക്കാൾ കൂടുതൽ പലിശ സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് ലഭ്യമാകും വിധമാണ് പലിശനിരക്ക് ക്രമീകരിച്ചിരിക്കുന്നതെന്ന് മന്ത്രി വി.എൻ. വാസവൻ അറിയിച്ചു.

സഹകരണ നിക്ഷേപങ്ങളുടെ പലിശ നിരക്ക് വർധിപ്പിച്ച സംസ്ഥാന സർക്കാർ നടപടി സഹകരണ പ്രസ്ഥാനങ്ങൾക്ക് ആത്മവിശ്വാസം നൽകുമെന്ന് പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റിസ് അസോസിയേഷൻ ഭാരവാഹികൾ പ്രസ്താവനയിൽ അറിയിച്ചു.

## കേരള ബാങ്കിലെ നിക്ഷേപകർക്ക് ലഭിക്കുന്ന പലിശനിരക്ക്

| Sl.No | Period of Deposit | Existing Rate w.e.f. 10-02-2022 | New Rate w.e.f. 18-10-2022 |
|---|---|---|---|
| 1 | 15 to 15 days | 4.50 | 5.00 |
| 2 | 18 to 60 days | 5.00 | 5.00 |
| 3 | 91 to 179 days | 5.25 | 5.75 |
| 4 | 180 to 364 days | 5.75 | 6.25 |
| 5 | 1 year to below 2 years | 6.25 | 6.75 |
| 6 | 2 years and above | 6.00 | 6.75 |

## പ്രാഥമിക സഹകരണ സംഘങ്ങൾ അർബൻ ബാങ്ക് ഇതരസംഘങ്ങൾക്ക് ലഭിക്കുന്ന പലിശനിരക്ക്

| Sl.No | Period of Deposit | Existing Rate w.e.f. 10-02-2022 | New Rate w.e.f. 18-10-2022 |
|---|---|---|---|
| 1 | 15 to 15 days | 5.00 | 5.50 |
| 2 | 46 to 90 days | 5.50 | 6.00 |
| 3 | 91 to 179 days | 6.00 | 6.50 |
| 4 | 180 to 364 days | 6.25 | 6.75 |
| 5 | 1 year to below 2 years | 7.00 | 7.75 |
| 6 | 2 years and above | 7.00 | 7.75 |

# സഹകരണ റിസ്ക് ഫണ്ട്: മരണാനന്തരസഹായം 3 ലക്ഷം

സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ വായ്പക്കാരന്റെ മരണാനന്തരസഹായം മൂന്ന ലക്ഷം രൂപയാക്കി. നിലവിൽ രണ്ടു ലക്ഷമാണ് റിസ്ക് ഫണ്ട്. ചികിത്സ ധനസഹായം ഒന്നിൽ നിന്ന് ഒന്നേകാൽ ലക്ഷമാക്കി ഉയർത്തി. വായ്പാ കാലാവധിയിലോ കാലാവധി കഴിഞ്ഞ് ആറുമാസത്തിനുള്ളിലോ അംഗം മരിച്ചാൽ, ബാക്കി വായ്പാ മുതലോ മൂന്ന ലക്ഷം രൂപവരെയോ അനുവദിക്കും.

കൂട്ടായ വായ്പയിലെ ഒരാൾ മരിച്ചാൽ ആനുപാതിക തുക ലഭിക്കും. വായ്പാക്കാരന് മാരകരോഗം പിടിപെട്ടാൽ മുതലിനത്തിൽ ഒന്നേകാൽ ലക്ഷം രൂപയുടെ ആനുകൂല്യം കിട്ടും. കൂട്ടായ വായ്പയിൽ അനുപാതിക തുകയും ധനസഹായവും ലഭിച്ചശേഷം മരിച്ചാൽ ആനുകൂല്യം കഴിച്ച് മരണാനന്തര സഹായം അനുവദിക്കും.



അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് എറണാകുളത്ത് നടത്തിയ ഏകദിന ശിൽപശാലയിൽ കേരള ബാങ്ക് ചെയർമാൻ ശ്രീ. ഗോപി കോട്ടമുറിക്കൽ അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു.

NABARD
Published with assistance from NABARD under Co-operative Development Fund

# ക്ഷീരസംഘം പ്രതിനിധികളുടെ യോഗം



എറണാകുളം ജില്ലയിലെ ക്ഷീര സംഘങ്ങളുടെ പ്രതിനിധികളുടെ യോഗം നടത്തി. എറണാകുളം സി.പി.സി ഓഡിറ്റോറിയത്തിൽ നടന്ന യോഗത്തിൽ തൃശ്ശൂർ റീജിയണൽ ജനറൽ മാനേജർ ശ്രീ. ജോളി ജോൺ അദ്ധ്യക്ഷത വഹിച്ചു. ക്ഷീര കർഷകർക്ക് സഹകരണ സംഘങ്ങൾ വഴി കേരള ബാങ്ക് നടപ്പാക്കുന്ന വിവിധ വായ്പാ പദ്ധതികളെക്കുറിച്ച് കോർപ്പറേറ്റ് ബിസിനസ് ഓഫീസ് ജനറൽ മാനേജർ ഡോ.എൻ. അനിൽകുമാർ യോഗത്തിൽ വിശദീകരിച്ചു. എറണാകുളം ക്രെഡിറ്റ് പ്രൊസസ്സിംഗ് സെന്റർ ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. ഷാജു പി. ജോർജ്ജ് സ്വാഗതം ആശംസിച്ചു. അഗ്രികൾച്ചർ ഓഫീസർ ശ്രീമതി. ടി.എസ് സിന്ധു കൃതജ്ഞത രേഖപ്പെടുത്തി.

# ക്ഷീരകർഷകർക്കായി യോഗം സംഘടിപ്പിച്ചു



ക്ഷീരകർഷകർക്കുള്ള വിവിധ പദ്ധതികൾ വിശദീകരിച്ചുകൊണ്ട് ബാങ്ക് ഭരണസമിതി അംഗം ശ്രീ. കെ ജെ ഫിലിപ്പ് കുഴികുളം സംസാരിക്കുന്നു.



നിയമ-വ്യവസായ- കയർ വകുപ്പ് മന്ത്രി ശ്രീ.പി. രാജീവിന്റെ നേതൃത്വത്തിൽ എറണാകുളത്ത് നടന്ന 2022 - 23 സംരംഭക വർഷം അവലോകന യോഗം. കേരള ബാങ്ക് കോർപ്പറേറ്റ് ബിസിനസ് ഓഫീസ് ജനറൽ മാനേജർ ഡോ. എൻ. അനിൽകുമാർ പങ്കെടുത്തു

# ക്ഷീരമിത്ര: ശില്പശാല സംഘടിപ്പിച്ചു





ക്ഷീര കർഷകരുടെ ഉന്നമനത്തിനായി കേരള ബാങ്ക് ആവിഷ്കരിച്ച് നടപ്പാക്കുന്ന "ക്ഷീരമിത്ര" വായ്പ പദ്ധതികളെപ്പറ്റി വിശദീകരിക്കുവാൻ 06/10/22 ൽ ആലപ്പുഴ ജില്ലയിലെ ക്ഷീര സഹകരണ സംഘം പ്രസിഡന്റുമാരെയും സെക്രട്ടറിമാരെയും പങ്കെടുപ്പിച്ചു കൊണ്ട് ശില്പശാല നടത്തുകയുണ്ടായി. കേരള ബാങ്ക് ആലപ്പുഴ റീജിയണൽ ഓഫീസ് ഹാളിൽ ചേർന്ന ശില്പശാല ബാങ്ക് ഡയറക്ടർ ശ്രീ. എം. സത്യപാലൻ ഉദ്ഘാടനം ചെയ്തു. ബാങ്ക് ബിസിനസ് പ്ലാനിങ് വിഭാഗം ജനറൽ മാനേജർ ശ്രീ. എ. അനിൽകുമാർ പദ്ധതിയെപ്പറ്റി വിശദീകരണം നടത്തി. ആലപ്പുഴ റീജിയണൽ മാനേജർ ശ്രീമതി ലതാ പിള്ള സ്വാഗതവും സിപിസിഡെപ്യൂട്ടിജനറൽമാനേജർശ്രീ.ടിപി ജോസഫ് നന്ദിയും പറഞ്ഞു.

# കേരള ബാങ്ക് എക്സലൻസ് അവാർഡുകൾ വിതരണം ചെയ്തു










കോഴിക്കോട്: പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കായി കേരള ബാങ്ക് ഏർപ്പെടുത്തിയ എക്സലൻസ് അവാർഡുകളുടെ വിതരണം കേരള ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിക്കൽ നിർവ്വഹിച്ചു. 2020-21 വർഷത്തെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം നേടിയ കാലിക്കറ്റ് സിറ്റി സർവ്വീസ് സഹകരണ ബാങ്ക്, രണ്ടാം സ്ഥാനം നേടിയ ഏറാമല സർവ്വീസ് സഹകരണ ബാങ്ക്, കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് മൂന്നാംസ്ഥാനം നേടിയ വടകര കോ ഓപ്പറേറ്റീവ് റൂറൽ ബാങ്ക് എന്നീ സ്ഥാപനങ്ങൾക്കാണ് അവാർഡ് ലഭിച്ചത്. കേരള ബാങ്ക് കോഴിക്കോട് റീജിയണൽ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഡയറക്ടർ ശ്രീ. ഇ. രമേശ് ബാബു അധ്യക്ഷത വഹിച്ചു. ചീഫ് ജനറൽ മാനേജർ ശ്രീ. കെ. സി. സഹദേവൻ മുഖ്യപ്രഭാഷണം നടത്തി. സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ശ്രീമതി ബി. സുധ, കേരള പ്രൈമറി കോ ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസിയേഷൻ സെക്രട്ടറി ശ്രീ. പി.കെ. ദിവാകരൻ മാസ്റ്റർ, ജനറൽ മാനേജർ ഡോ. എൻ. അനിൽകുമാർ എന്നിവർ പ്രസംഗിച്ചു. റീജിയണൽ ജനറൽ മാനേജർ ശ്രീ. സി.അബ്ദുൽ മുജീബ് സ്വാഗതവും സി.പി.സി ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. പി. ബാലഗോപാലൻ നന്ദിയും പറഞ്ഞു.

സംസ്ഥാന തലത്തിൽ പുരസ്കാരം നേടിയ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ അർബൻ ബാങ്കുകൾക്ക് തിരുവനന്തപുരം ആർട്സ് & ക്രാഫ്റ്റ് വില്ലേജിൽ നടന്ന ചടങ്ങിൽവച്ച് സഹകരണ മന്ത്രി ശ്രീ. വി.എൻ. വാസവൻ പുരസ്കാരം വിതരണം ചെയ്തു.





കേരള ബാങ്ക് ഐ.ടി. ഇന്റഗ്രേഷൻ ടീമിന്റെ ഒത്തുചേരൽ പരിപാടി ദീപാവലി ദിനത്തിൽ ബാങ്ക് പ്രസിഡന്റ്, ശ്രീ. ഗോപി കോട്ടമുറിക്കൽ ഉദ്ഘാടനം ചെയ്തു.

ബോർഡ് ഓഫ് മാനേജ്മെന്റ് അംഗം അഡ്വ. മാണി വിതയത്തിൽ അദ്ധ്യക്ഷത വഹിച്ചു. ബോർഡ് ഓഫ് മാനേജ്മെന്റ് അംഗം ശ്രീ.പി .എ.ഉമ്മർ , സി.ജി.എം ശ്രീ. രാജേഷ് എ.ആർ, സി.ബി.ഒ ജനറൽ മാനേജർ, ഡോ.എൻ.അനിൽകുമാർ, വിപ്രോ ടീം ലീഡർ ശ്രീ. സാം എന്നിവർ പങ്കെടുത്തു.

## കേരളബാങ്ക് MSME വായ്പകൾ

| | | |
|---|---|---|
| KB സുവിധ | വായ്പാ പരിധി – 20 ലക്ഷം<br>കാലാവധി – 10 വർഷം | പലിശ – 10%<br>(അർഹമായ മേഖലകൾക്ക് പലിശ ഇളവിന് അർഹത) |
| KB സുവിധ പ്ലസ് | വായ്പാ പരിധി – 5 ലക്ഷം<br>(ബസ് ഉടമകൾക്കും ചെറുകിട കച്ചവടക്കാർക്കും – 2 ലക്ഷം രൂപവരെ)<br>കാലാവധി – 5 വർഷം | പലിശ – 9%<br>(സബ്സിഡിക്ക് അർഹത) |
| KB മിത്ര വായ്പ | വായ്പാ പരിധി<br>വ്യക്തികൾക്ക് – 40 ലക്ഷം<br>കമ്പനികൾക്ക് – 1 കോടി വരെ<br>തിരിച്ചടവ് കാലാവധി – 7 വർഷം | പലിശ – 8.75% |
| KB യുവമിത്ര | വായ്പാ പരിധി<br>വ്യക്തികൾക്ക് – 40 ലക്ഷം<br>കമ്പനികൾക്ക് – 1 കോടി വരെ<br>തിരിച്ചടവ് കാലാവധി – 7 വർഷം | പലിശ – 8.75% |
| KB GST മിത്ര | വായ്പാ പരിധി<br>വ്യക്തികൾക്ക് – 40 ലക്ഷം<br>കമ്പനികൾക്ക് – 1 കോടി വരെ<br>തിരിച്ചടവ് കാലാവധി – ആവശ്യാനുസരണം പുതുക്കി ഉപയോഗിക്കാം (OD) | പലിശ – 9% |
| KB സ്റ്റാർട്ട് | സേവന/വ്യാപാര/ഉത്പാദന മേഖലക്ക് പദ്ധതി ചെലവിന്റെ 90% രൂപ വായ്പയായി അനുവദിക്കുന്നു.<br>സേവന വ്യാപാര മേഖലക്ക് (പദ്ധതി ചെലവ് – പരമാവധി – 10 ലക്ഷം)<br>ഉത്പാദന മേഖലക്ക് (പദ്ധതി ചെലവ് – പരമാവധി – 25 ലക്ഷം)<br>കാലാവധി – 5 വർഷം | പലിശ – 8.75% |
| KB പ്രവാസി കിരൺ | വായ്പാ പരിധി<br>മൊത്തം വ്യാപാരം – 24 ലക്ഷം<br>ചില്ലറ വ്യാപാരം – 16 ലക്ഷം<br>കാലാവധി – 7 വർഷം | പലിശ – 11%<br>(ആദ്യ നാലുവർഷത്തേക്ക് 3% പലിശ)<br>മറ്റ് പലിശ<br>സബ്സിഡികൾക്കും അർഹത |
| KB പ്രവാസി ഭദ്രത | വായ്പാ പരിധി<br>പരമാവധി – 5 ലക്ഷം<br>കാലാവധി – 5 വർഷം | പലിശ – 8.75%<br>(ആദ്യ നാലുവർഷത്തേക്ക് 3% പലിശ സബ്സിഡി) |
| ഭക്ഷ്യ സംസ്കരണ സൂക്ഷ്മ വ്യവസായ സംരംഭ വായ്പ | വായ്പാ പരിധി<br>40 ലക്ഷം രൂപവരെ<br>കാലാവധി – 5 വർഷം | പലിശ – 8.5% |

# സഹകരണ സംഘങ്ങളുടെ അവകാശം മാനിക്കണമെന്ന് സുപ്രീംകോടതി

നിയമാനുസൃതം പ്രവർത്തിക്കുന്ന സഹകരണം സംഘങ്ങളുടെ ജനാധിപത്യ അവകാശങ്ങൾ കോടതികൾ മാനിക്കേണ്ടതുണ്ടെന്ന് സുപ്രീംകോടതി. സഹകരണ സംഘങ്ങൾ നിയമവും ചട്ടവും അനുസരിച്ച് പാസാക്കുന്ന പ്രമേയങ്ങളും തീരുമാനങ്ങളും കോടതികൾ അംഗീകരിക്കണം. സഹകരണ സംഘങ്ങളുടെ ജനറൽ ബോഡിയുടെ താൽപര്യങ്ങൾ എന്തായിരുന്നെന്ന് പരിശോധിച്ച് കോടതികൾ സമയം കളയരുതെന്നും ചീഫ് ജസ്റ്റിസ് ശ്രീ. യു.യു.ലളിത് അധ്യക്ഷനായ മൂന്നംഗ ബെഞ്ച് ഉത്തരവിൽ പറഞ്ഞു. ബംഗാൾ സെക്രട്ടറിയേറ്റ് കോ-ഓപ്പറേറ്റീവ് ലാൻഡ് മോർട്ടേജ് ഹൗസിംഗ് സൊസൈറ്റി പഴയ കാര്യാലയം പൊളിക്കാനും പുതിയ കാര്യാലയം നിർമ്മിക്കാനും എടുത്ത തീരുമാനത്തിന് എതിരായ ഹൈക്കോടതി ഉത്തരവിന് എതിരായാണ് സുപ്രീംകോടതിയെ സമീപിച്ചത്. പഴയ കാര്യാലയം പൊളിച്ചുപണിയാൻ മൂന്നാമതൊരു കക്ഷിയുമായി കരാറിൽ ഏർപ്പെടാൻ സൊസൈറ്റിക്ക് അധികാരം ഇല്ലെന്നായിരുന്നു ഹൈക്കോടതി ഉത്തരവ്. സൊസൈറ്റിയുടെ ജനറൽ ബോഡി അംഗങ്ങൾ ഒറ്റക്കെട്ടായി അവരുടെ കാര്യാലയം പുതുക്കിപ്പണിയാനുള്ള തീരുമാനമെടുത്ത സാഹചര്യത്തിൽ, അതിന്റെ പിന്നിലെ കാര്യകാരണങ്ങൾ ചികഞ്ഞ് സമയം കളയേണ്ട കാര്യം കോടതികൾക്കില്ല. സംഘാംഗങ്ങളുടെയും പൊതുവിൽ സംഘത്തിന്റെയും സാമ്പത്തിക, സാമൂഹ്യ പുരോഗതി ലക്ഷ്യമിട്ട് നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് തീരുമാനങ്ങളും പ്രമേയങ്ങളും പുറപ്പെടുവിച്ചാൽ കൃത്യമായ കാരണങ്ങളില്ലാതെ അത് റദ്ദാക്കേണ്ട സാഹചര്യമില്ലെന്നും സുപ്രീംകോടതി നിരീക്ഷിച്ചു.



മികച്ച നവാഗത സംവിധായകനുള്ള ഫിലിം ക്രിട്ടിക്സ് പുരസ്കാരം ശ്രീ.സുജിത് ലാലിന്. കേരള ബാങ്ക് തിരുവനന്തപുരം പാങ്ങോട് ശാഖയിലെ ജീവനക്കാരനാണ്. "രണ്ട് " എന്ന സിനിമയുടെ സംവിധാനത്തിനാണ് പുരസ്കാരം

# Transforming Villages. Ensuring Prosperity.






NABARD

Development Bank of the Nation

www.nabard.org /nabardonline



Printed & Published by Customer Aquisition and Marketing Division, Kerala State Co-operative Bank
Head Office, Cobank towers, Palayam, Vikas Bhavan.PO, Thiruvananthapuram-695033. For Private Circulation Only. Ref.KB/Mktg/PR/2021.
Layout, Design & Printed at Orange Printers Pvt. Ltd., Thiruvananthapuram-695001. Ph: 0471 4010 905